*കഴിഞ്ഞ ലക്കം തുടർച്ച...*

# ആരും റിട്ടയർ ചെയ്യരുത്

ടി.വി. അച്യുതവാരിയർ

ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭക്ഷണം എന്നിവയെപ്പോലെ അത്രതന്നെ പ്രധാനമായ മറ്റൊരു ഘടകമാണ് ചലനാത്മകത. ജംഗമജീവികളുടെ ചലനാത്മകതക്കനുസൃതമായാണ് അവയുടെ കൈകാലുകൾ വളരുന്നത്. മനുഷ്യന്റെ ഉടലിന്റെ വലുപ്പവും ഭാരവും നോക്കുമ്പോൾ അവന്റെ കൈകാലുകൾക്ക് നീളം വളരെ കൂടുതലാണ്. അതിനർത്ഥം മനുഷ്യന്റെ കൈകാലുകൾ കൂടുതൽ പ്രവർത്തനനിരതമാകേണ്ടതുണ്ട് എന്നാണ്.

എന്നാൽ വ്യവസായവിപ്ലവത്തെത്തുടർന്ന് ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഉണ്ടായ പുരോഗതി മനുഷ്യനെ ചലിക്കാത്തൊരു മാംസപിണ്ഡമാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ പോലും അവന് വാഹനം കൂടിയേ തീരൂ എന്നായിരിക്കുന്നു. ഒരു കഷ്ണം വിറക് കീറാനോ ഒരു നാളികേരം പൊളിക്കാനോ ഒരു പാട്ട വെള്ളം കോരാനോ മനുഷ്യന് ഇന്ന് യന്ത്രസഹായം വേണം. അധ്വാനത്തോടുള്ള ഈ വൈമുഖ്യമാണ് മനുഷ്യന്റെ ആരോഗ്യത്തേയും ആയുസ്സിനേയും നശിപ്പിക്കുന്ന പ്രധാന ഘടകം.

"ഞാൻ റിട്ടയർ ചെയ്തു, ഇനി വിശ്രമജീവിതം" എന്നുപറയാൻ ഇന്നാർക്കും ഒരു ഉളുപ്പുമില്ല. റിട്ടയർമെന്റും വിശ്രമജീവിതവും മനുഷ്യനെന്നല്ല ഒരു ജീവിക്കും വിധിച്ചിട്ടുള്ളതല്ല. ഭാരതീയ സിദ്ധാന്തപ്രകാരം ആശ്രമം നാലാണ് -- ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം. വിദ്യാഭ്യാസത്തിനുള്ള കാലമാണ് ബ്രഹ്മചര്യം, വംശവർദ്ധനയും വംശസംരക്ഷണത്തിനുമുള്ളതാണ് ഗൃഹസ്ഥാശ്രമം. ലൗകികജീവിതം വെടിഞ്ഞ് സമൂഹസേവനത്തിനവേണ്ടി വിനിയോഗിക്കാനുള്ളതാണ് വാനപ്രസ്ഥം. എല്ലാം ത്യജിച്ച് സ്വാധ്യായം നടത്താനുള്ള കാലമാണ് സന്യാസം. അതായത് റിട്ടയർമെന്റ്, വിശ്രമം എന്നിവ മനുഷ്യന് വിധിച്ചിട്ടില്ല.

ബ്രഹ്മചര്യത്തിന്റെ അവസാനത്തിൽ, അതായത് പഠിപ്പുകഴിയുന്നതോടെ ഒരാൾ ഗൃഹസ്ഥാശ്രമത്തിലേയ്ക്ക് പ്രവേശിക്കുന്നു. സ്വന്തമായൊരു കുടുംബമുണ്ടാക്കുകയും ആ കുടുംബത്തെ സംരക്ഷിക്കുകയുമാണ് ഇക്കാലത്തെ മുഖ്യധർമ്മം. ആശ്രമങ്ങളിൽ വച്ച് ഏറ്റവും നീണ്ടത് ഗൃഹസ്ഥാശ്രമമാണ്; ഏതാണ്ട് 20 വയസ്സു മുതൽ 60 വയസ്സുവരെ അതു നീണ്ടുനിൽക്കും. ഷഷ്ഠിപൂർത്തിയാകുമ്പോഴേയ്ക്കും കുട്ടികൾ വലുതായി ഗൃഹസ്ഥാശ്രമത്തിലേയ്ക്ക് പ്രവേശിച്ചിരിക്കും. അപ്പോൾ കുടുംബഭാരം അവരെ ഏല്പിച്ച് മാതാപിതാക്കൾ വാനപ്രസ്ഥം സ്വീകരിക്കുന്നു.

വാനപ്രസ്ഥം എന്നതിന് നാട്ടിലെ തിരക്കിൽ നിന്നൊഴിഞ്ഞ ജീവിതം എന്നേ അർത്ഥമുള്ളൂ. നാട്ടിലെ കുട്ടികളെ പഠിപ്പിക്കുക, സാധാരണക്കാർക്ക് ഉപദേശങ്ങൾ നൽകുക, സന്യാസിമാരെപ്പോലുള്ള സജ്ജനങ്ങളുമായി സംസർഗ്ഗം വളർത്തുക എന്നിവയാണ് വാനപ്രസ്ഥജീവിതത്തിലെ മുഖ്യധർമ്മങ്ങൾ. ആ ഘട്ടത്തിന്റെ അന്ത്യത്തിൽ അയാൾ സർവ്വസംഗപരിത്യാഗം ചെയ്ത് സന്യാസിയാകുന്നു. തപസ്സുപോലുള്ള സ്വാധ്യായധർമ്മങ്ങളാണ് ഒരാൾ സന്യാസത്തിൽ അനുഷ്ഠിക്കേണ്ടത്.

തപസ്സ് ഏകാഗ്രതയും പക്വതയും ഉളവാക്കുന്നു. ഭൗതികജീവിതത്തിനുപരി സാംസ്കാരികവും ആത്മീയവുമായ ജീവിതമാണ് സന്യാസത്തിലേത്. ഭാരതീയപുരാണേതിഹാസങ്ങളും ഉപനിഷത്തുക്കളും മറ്റും നിർമ്മിച്ചത് സന്യാസിമാരാണ്, ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ നടത്തിയതും സുകുമാരകലകൾ ആവിഷ്കരിച്ചതുമെല്ലാം സന്യാസിമാരാണെന്ന് ഓർക്കുക. സന്യാസം എന്നു പറഞ്ഞാൽ ഭിക്ഷാടനം എന്നല്ല അർത്ഥം. മനുഷ്യന്റെ ജീവിതദശകളിൽ കാച്ചി സ്ഫുടം ചെയ്ത തങ്കമാണ് സന്യാസം.

ആധുനികജീവിതത്തിലും ബ്രഹ്മചര്യവും ഗാർഹസ്ഥ്യവുമുണ്ട്. എന്നാൽ അടുത്ത രണ്ട് ആശ്രമങ്ങളേയും നാം അവഗണിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ റിട്ടയർ ചെയ്യുന്നതോടെ അവരുടെ ജീവിതം അവസാനിക്കുന്നു. പിന്നീട് പൂമുഖത്തൊരു ചാരുകസേരയിൽ പുസ്തകമോ പത്രമോ വായിച്ച് സമയം കൊല്ലും, അല്ലെങ്കിൽ അകത്തളത്തിൽ ടെലിവിഷനിലെ വൃത്തികേടുകൾ ആസ്വദിച്ചുകിടക്കും. വായ മുതൽ മലദ്വാരം വരെയുള്ള അവയവങ്ങൾക്കുമാത്രം പണി നൽകുന്ന ഇവർ പെട്ടെന്നുതന്നെ രോഗാതുരരാകുന്നു. ഹൃദ്രോഗം, രക്തസമ്മർദ്ദം, പ്രമേഹം, ക്യാൻസർ..........

ഉദ്യോഗത്തിൽ നിന്ന് വിരമിക്കുന്നത് ഒരിക്കലും റിട്ടയർമെന്റായി കരുതരുത്. അത് ഗൃഹസ്ഥാശ്രമത്തിന്റെ അവസാനം മാത്രമാണ്, അടുത്ത ആശ്രമത്തിലേയ്ക്കുള്ള കാൽവയ്പ്പു മാത്രമാണ്. ഷഷ്ഠിപൂർത്തിയിലെത്തുന്നവരെല്ലാം ലൗകികജീവിതം അവസാനിപ്പിച്ച് സമൂഹസേവനത്തിന് സ്വയം ഉഴിഞ്ഞുവയ്ക്കണം. നാട്ടിലെ ഇന്നത്തെ ദുസ്ഥിതികൾക്കെല്ലാം കാരണം സമൂഹത്തിന് നേതൃത്വം നല്കാൻ ആരുമില്ലെന്നതാണ്.

ജനകീയാസൂത്രണപദ്ധതിപ്രകാരം ഗ്രാമസഭയുടെ ഒരു യോഗം വിളിച്ചുകൂട്ടിയാൽ ഇന്ന് പത്തുപേർ പോലും അതിൽ പങ്കെടുക്കില്ല. ആ നാട്ടിലെ ഷഷ്ഠിപൂർത്തി കഴിഞ്ഞവരെല്ലാം ഗ്രാമസഭയിൽ പങ്കെടുക്കുകയും തങ്ങളുടെ അറിവിനേയും അനുഭവസമ്പത്തിനേയും പ്രയോജനപ്പെടുത്തുകയുമാണെങ്കിൽ ആ നാട്ടിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്താൻ കഴിയും. നാട്ടിലെ വായനശാല, കലാസമിതി, സ്പോർട്ട്സ് ക്ലബ്ബ്, കർഷകസമാജം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനം നൽകാൻ അവർക്കു കഴിയും.

നാട്ടിലുണ്ടാകുന്ന ചില്ലറ വഴക്കുകൾ പറഞ്ഞുതീർത്ത് സമാധാനം കൈവരുത്താൻ അവർക്കു സാധിക്കും. ഇതാണ് യഥാർത്ഥ വാനപ്രസ്ഥം. റിട്ടയർ ചെയ്തവർക്ക് ആരോഗ്യവും ആയുസ്സും പ്രദാനം ചെയ്യുന്ന സേവനങ്ങളാണിവ.

ശതാഭിഷേകം കഴിയുന്നതോടെ ഒരാൾക്ക് ഇത്തരത്തിൽ ഓടിനടന്ന് പണിയെടുക്കാനുള്ള ശേഷി കുറയും. അത്തരത്തിലുള്ള അവശതകൾ വന്നുപെടുന്നവർ സന്യാസത്തിലേയ്ക്ക് വഴിമാറണം. കാവിയുടുത്ത് ഭിക്ഷാടനം നടത്തണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. ധ്യാനം, മനനം, പഠനം എന്നിവയ്ക്കായി കൂടുതൽ സമയം ചെലവഴിക്കണം. തനിക്ക് താല്പര്യമുള്ള വിഷയങ്ങളിൽ സാഹിത്യം, സംഗീതം, ചിത്രകല തുടങ്ങിയവയിൽ - പഠനങ്ങളും ഗവേഷണങ്ങളും നടത്താൻ ഈ അവസരം ഉപയോഗപ്പെടുത്താവുന്നതേയുള്ളൂ.

ഷഷ്ഠിപൂർത്തി കഴിഞ്ഞവരെല്ലാം ദിവസവും അരമണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ നടക്കണം. നടക്കുക എന്നു പറഞ്ഞാൽ കയ്യും കാലും വീശി, മേലനങ്ങി നടക്കണം എന്നാണർത്ഥം. ആരോഗ്യപരിപാലനത്തിന് ഭക്ഷണത്തേക്കാൾ പ്രധാനമാണ് ഈ നടത്തം.

ഏതായാലും ഉദ്യോഗത്തിൽ നിന്ന് വിരമിക്കുന്നതോടെ ആരും റിട്ടയർ ചെയ്യരുത്. വാർധക്യത്തിന്റെ യാതനകളും വേദനകളും ഒഴിവാക്കാനും, ഈ ലോകത്തിൽ നിന്നുള്ള റിട്ടയർമെന്റ് വേദനാരഹിതമാക്കാനുള്ള എളുപ്പമാർഗ്ഗം ജീവിതത്തെ വിശ്രമരഹിതമാക്കുക എന്നതാണ്.